# രാജർഷി

| പുസ്തകം 12 | കർക്കിടകം 1121 | ലക്കം 12 |
|---|---|---|

## മംഗളം

സുജനസൂക്തിസുധാമൃതവർഷിയാ-
യജിതസൗഹൃദസമ്പദമേററിനീ,
വിലസണം വസുദേവസുതാദരേ-
പ്പൊലിമപൂണ്ടിനിയും ചിരമീവിധം.

വ്ദ്വാൻ തേമ്പോട്ട് ശങ്കരൻനായർ.

---

## ധനശാസ്ത്രം.

### (പലിശയും മുതലും)

(വി. നാരായണമേനോൻ)

ധനശാസ്ത്രത്തിൽവെച്ച് ഏററവും ബുദ്ധിമുട്ടുള്ള ഒരു പ്രശ്നമാണ് മുതലും പലിശയും തമ്മിലുള്ള ബന്ധം. സ്വകീയമായ ഒരു ഏർപ്പാടിൽ മുടക്കുന്നതുകൊണ്ടോ വേറൊരുവനു കടം കൊടുക്കുന്നതുകൊണ്ടോ മുതലാളിക്കുലഭ്യമാകുന്ന വരുമാനത്തിനാണ് പലിശ എന്നു ഏകദേശം പറയുന്നത്. ഈ വരുമാനം വിവിധതരത്തിലാം. മുതലുടമസ്ഥനായ ഒരുത്തൻ ഒരു ക്ലിപ്തസംഖ്യക്ക് ഒരു ക്ലിപ്തകാലത്തേക്ക്, ആ മുതൽ ഉപയോഗപ്പെടുത്തുന്നവനോടു ആ ഉപയോഗപ്പെടുത്തലിന്റെ വാടകപോലെ ഒരു ക്ലുപ്തസംഖ്യ വാങ്ങുന്നതിനാണ് സാധാരണ പലിശയെന്നു വ്യവഹരിക്കുന്നത്. കടം വാങ്ങിയ ആൾ മുതലിന്നും പുറമെ കൂടുതൽ സംഖ്യയായ പലിശയും കൊടുക്കുവാൻ നിർബ്ബന്ധിതനാണ്. സാധാരണയായി പലിശ കണക്കാക്കുന്നത് തിങ്ങളിൽ നൂറുക്ക് ഇത്രവീതം എന്ന തോതിലാണ്. കടംവാങ്ങുന്നവന്റെ ആവശ്യം പണം കൈവശം വരുവാൻ വേണ്ടിയാകയില്ലല്ലോ. തനിക്ക് അത്യാവശ്യമായ എന്തെങ്കിലും സാധനം വാങ്ങുവാനാണ് അയാൾ കടം വാങ്ങുന്നത്. എന്നാൽ പണം കൈവശം വരാതെതന്നെ തനിക്കു വേണ്ടുന്ന സാധനങ്ങൾ ലഭിച്ചലും അയാളുടെ ആവശ്യം സാധിച്ചു എന്നു പറയാം.

ആവശ്യക്കാരനു സാധനങ്ങളെ ക്രയം ചെയ്യുവാനുള്ള സ്വാധീനശക്തി പണത്താലാണല്ലോ ഇക്കാലത്തു സാധാരണ നിയന്ത്രിക്കപ്പെടുന്നത്. ധനമാകുന്ന ഈ സ്വാധീനശക്തി തനിക്കു കരഗതമായാൽ താൻ എന്തെല്ലാം വാങ്ങുമോ, അവയെ ലഭിച്ചാലും അധമർണ്ണൻ തൃപ്തിപ്പെടും. എന്നാൽ ഈ സാധനങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും മേൽപറഞ്ഞ പ്രകാരം ക്ലിപ്തകാലങ്ങളിൽ ക്ലിപ്തസംഖ്യകൾ മുതലാളിക്കു അയാൾ കൊടുക്കേണ്ടതാകുന്നു.

മേൽപറഞ്ഞ പ്രകാരം അധമർണ്ണൻ കൊടുക്കുന്ന സംഖ്യയെ പലിശ എന്നതിനു പകരം വാടക എന്നാണു് സാധാരണമായി വ്യവഹരിച്ചു വരുന്നത്. ഇതിനു ചില കാരണങ്ങളും ഇല്ലായ്കയില്ല. ഒന്നാമത്തെ കാരണം, ഒരു സാധനത്തെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഉടമസ്ഥനു ക. ണ. സ. രൂപത്തിൽ കൊടുക്കുന്ന തുക, ഉപയോഗപ്പെടുത്തുന്ന സാധനങ്ങൾക്കു് വിലയിരുത്തി തുക തിട്ടപ്പെടുന്നതുവരെ അതിന്റെ ഒരു ശതമാനനിരക്കാകയില്ല. സാധാരണ പലിശ കണക്കാക്കുന്നതും കണക്കാക്കേണ്ടതും ശതമാനനിരക്കിലാണു്. ഒരു കെട്ടിടത്തിനു ചിലപ്പോൾ ആവശ്യം അനുസരിച്ച് വാടക വ്യത്യാസപ്പെടുമെന്നു നമുക്കറിയാമല്ലോ. മോഹവാടക എന്നും മററും പറയുന്നതു് ശതമാനനിരക്കിനാൽ ചിലപ്പോൾ നിയന്ത്രിക്കാവതല്ല. എന്നാൽ ആ കെട്ടിടത്തിനു വിലയിരുത്തി തിട്ടപ്പെടുത്തുന്നതായാൽ അതിന്റെ വാർഷികവാടക ശതമാനനിരക്കിലാക്കി കൊണ്ടുവരാം. എടവാടുകൾക്കു് ഇപ്രകാരമൊരു രൂപം സിദ്ധിക്കുന്നതുവരെ സാധനങ്ങളെ ഉപയോഗപ്പെടുത്തുന്നവർ ഉടമസ്ഥനു പലിശ കൊടുക്കുന്നു എന്നതിനുപകരം വാടക കൊടുക്കുന്നു എന്നു പറയുന്നതായിരിക്കും അധികം നല്ലതു്. ധനശാസ്ത്രദൃഷ്ട്യാ രണ്ടും പലിശതന്നെയാണു്; എന്തുകൊണ്ടെന്നാൽ വാടക, മിച്ചവാരം മുതലായതുകൾ കെട്ടിടങ്ങളോ വസ്തുക്കളോ ഉപയോഗപ്പെടുത്തുന്നതിനു കൊടുക്കുന്ന ലാഭവും പലിശ, മുതൽ ഉപയോഗപ്പെടുത്തുന്നതിനു കൊടുക്കുന്ന ലാഭവും ആയതുകൊണ്ടാണു്.

മററു ചില അവസരങ്ങളിൽ മുതലുടമസ്ഥൻ തന്റെ പണം സ്വകീയമായ ഒരു കച്ചവടത്തിലോ വേറെ ഏതെങ്കിലും ഏർപ്പാടിലോ നിക്ഷേപിച്ച് വരവു വർദ്ധിപ്പിക്കുന്നു. ഇതും ലാഭംതന്നെ. ധനശാസ്ത്രജ്ഞന്മാർ പലിശയേയും ലാഭത്തേയും വേർതിരിക്കുന്നതു് ഇപ്രകാരമാണു്:—സ്വകീയമായ ഒരു ഏർപ്പാടിൽ സ്വന്തപണം നിക്ഷേപിച്ചു ഏർപ്പാടു നടത്തുന്ന വർത്തകനു താൻ നിക്ഷേപിച്ചിട്ടുള്ള സംഖ്യയിന്മേൽ നടപ്പിലിരിക്കുന്ന നിരക്കുപ്രകാരം മര്യാദ പലിശ ലഭ്യമാകുന്നു. അയാൾ ആ ഏർപ്പാടിൽ തന്നത്താൻ ബുദ്ധിമുട്ടുകയോ മേൽനോട്ടത്തിന്നായി തന്റെ സമയം വിനിയോഗിക്കയോ ചെയ്യുന്നതായാൽ അയാൾക്കു ശമ്പളമെന്നോ കൂലിയെന്നോ പറയപ്പെടുന്ന ഒരു തുകകൂടി കിട്ടുന്നു. പണത്തിന്റെ പലിശയും കൂലി, ശമ്പളം മുതലായതും കഴിച്ചു (മുതലിന്മേൽ സ്പർശിക്കാതെ) വരുമാനത്തിൽ ബാക്കി വല്ലതും ശേഷിച്ചാൽ അതത്രെ യഥാർത്ഥമായ ലാഭം.

തന്റെ ഏർപ്പാടിൽ ജയമില്ലാതെ വന്നു എങ്കിൽ ലാഭത്തിനു പകരം അതിന്റെ എതിരവസ്ഥയായ നഷ്ടം സംഭവിക്കുന്നു. തന്റെ പണം കച്ചവടത്തിൽ മുടക്കാതെ പലിശക്കു കൊടുത്തു ലഭ്യമാകുന്ന വരുമാനവും താൻ മറെറാരിടത്തു കൂലി

കായോ ശമ്പളത്തിന്നായോ നിന്നാൽ കിട്ടുന്ന വരുമാനവും കൂടിയ സംഖ്യയെക്കാൾ തുലോം കുറഞ്ഞ സംഖ്യ മാത്രമേ തന്റെ ചന്തക്കച്ചവടത്തിൽനിന്നുലഭിക്കുന്നുള്ളുവെങ്കിൽ അവിടെ നഷ്ടമുണ്ടെന്നു അനുമാനിക്കാം.

ഇങ്ങിനെ വരുമ്പോൾ പലിശ എന്നതിനെ അതിന്റെ നിർദ്ദേശവ്യാപ്തിയനുസരിച്ച് (1) മുതലുടമസ്ഥനായ ഉത്തമർണ്ണൻ, സാധനക്രയത്തിന്നു ഉപയുക്തമായ സാധനശക്തിയെ പ്രദാനം ചെയ്യുന്ന ധനത്തെ അധമർണ്ണനിലേക്ക് കൈമാറി ആ സംഖ്യ ഉപയോഗപ്പെടുത്തുന്നതിന്റെ കൂലിയോ വാടകയോ ആയി വാങ്ങുന്ന തുക എന്നും (2) ഒരു ക്ലിപ്തകാലത്തേക്ക്, തന്റെ കൈവശമുള്ള സാധനസാമഗ്രികളോ കെട്ടിടങ്ങളോ പണിയായുധങ്ങളോ ഏവം വിധങ്ങളായ മററു സാധനങ്ങളോ അധമർണ്ണൻ ഉപയോഗത്തിന്നായി കൊടുക്കുന്നതിന്നു പകരം വാങ്ങുന്ന കൂലിയോ വാടകയോ ആയ തുക എന്നും (3) സ്വന്ത സമ്പാദ്യമായ മുതലിനെ സ്വകീയമായ ഒരു ഏർപ്പാടിൽ മുടക്കി വ്യാപരിക്കുന്നതുകൊണ്ടു കിട്ടുന്ന ലാഭം എന്നും ഇങ്ങിനെ മൂന്നായി വ്യവഹരിക്കാം.

ഇപ്രകാരം, പലിശ എന്നാൽ എന്തെന്നു വിശദമാകുന്നതോടുകൂടി വേറെ രണ്ടുപ്രശ്നങ്ങളും ഇതിന്നിടയിൽ ഉടനടി ഉൽഭൂതമാകുന്നു. അവയിൽ രണ്ടാമത്തേതു് നാം എന്തിനാണു് പലിശ കൊടുക്കുന്നതു് എന്നും രണ്ടാമത്തേതു പലിശനിരക്കിനെ നിയന്ത്രിക്കുന്ന ഘടകം എന്താണു് എന്നും ആകുന്നു. ഇവയിൽ ആദ്യത്തെ പ്രശ്നത്തിന്നുള്ള ഉത്തരം മുതൽ വർദ്ധിക്കേണ്ടതെന്നാണു് എന്നത്രെ. ഉൽപ്പാദക മൂലധനത്തിന്നു മാത്രമെ ഇതു ബാധകമാകയുള്ളു.

മേൽ ഒരിടത്തു പണിയായുധങ്ങളേയും മുതലായി ഗണിക്കണമെന്നു പറഞ്ഞുവല്ലോ. പണിയായുധങ്ങൾ ഉപയോഗമുള്ളവയാണെന്നു വന്നാൽ അവ ഏതെല്ലാം വിധത്തിലാണു് ഉപകാരപ്രദമായിരിക്കുന്നതു എന്നുംകൂടി അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ടു്. അവ മണ്ണിന്റെ ഉൽപ്പാദനശക്തിയെ വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്നു; അല്ലാതെ ഭക്ഷിപ്പാനുള്ളവയല്ല. മേത്തരമായവയും ഉപയോഗത്തിന്നു പററിയവയുമായ പണിയായുധങ്ങൾ കൊണ്ടു പണിതാൽ, മോശമായവകൊണ്ടു പ്രവൃത്തിയെടുത്താൽ ഉണ്ടാക്കാൻ സാധിക്കുന്നതിനെക്കാൾ കൂടുതലായി ഗുണം സിദ്ധിക്കും. 'നല്ല പണിയായുധങ്ങൾ കൊണ്ടു നല്ല വിളവെടുക്കാം' എന്ന പഴമൊഴി കൃഷകരേയും വ്യവസായവൃത്തിക്കാരേയും, നല്ല പണിയായുധങ്ങൾ വാങ്ങുന്നതിന്നായി ധാരാളം പണം ചിലവിടുന്നതുകൊണ്ടു നഷ്ടമില്ലെന്നു, ഉപദേശിക്കയാണു് ചെയ്യുന്നതു്.

പ്രത്യേകതരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി നടത്തുന്ന ഒരു തൊഴിലിൽ, അതിൽപെട്ട ഏതെങ്കിലും ഒരു വ്യക്തിയുടെ സാന്നിദ്ധ്യത്തിലും വേർപാടിലും ഉൽപ്പാദനവിഷയത്തിൽ എത്ര കണ്ടു വ്യത്യാസം വരുന്നു എന്നു പരിശോധിക്കുക. അപ്പോൾ നമുക്കു ആ പ്രത്യേക തൊഴിലിൽ ആ പ്രത്യേക വ്യക്തിക്കുള്ള ഉൽപ്പാദകശക്തി എത്ര മാത്രമെന്നു വ്യക്തമായി ഗ്രഹിക്കാം. സജ്ജീകരിച്ചു വച്ചിട്ടുള്ള ഇതര വ്യക്തികളോടു ആ പ്രത്യേക വ്യക്തിയേയുംകൂടി കൂട്ടിയാൽ എത്ര കൂടുതൽ ഗുണം കിട്ടുമോ ആ ഗുണത്തെയും അതു മൂലം ലഭിക്കുന്ന അനുഭവത്തേയും ഈ പുതിയ വ്യക്തിയുടെ വിലയായി ഗണിക്കാം. ഈ പ്രമാണം കൃഷിവൃത്തിയിൽ മാത്രമല്ല ക

ടകവും വ്യവസായ ശാലകളും, മുതലായ സ്ഥാപനങ്ങൾക്ക വേണ്ടതായ വിഭിന്നരൂപത്തിലുള്ള മൂലധനത്തേ അപേക്ഷിച്ചും ശരിയായിരിക്കുതാണ്. അപ്പോൾ നമുക്ക മൂലധനത്തിന്റെ ഉപയോഗത്തേയും ഫലപുഷ്ടിയേയും കുറിച്ചു ഏറെക്കുറെ മനസ്സിലാക്കാം.

മൂലധനത്തെപ്പററി പരാമർശിക്കുമ്പോൾ അതിന്റെ ഉൽപ്പാദകശക്തിയെപ്പററി മാത്രം ചിന്തിച്ചാൽ പോരാ. അസ്തിത്വത്തിൽ ഇരിക്കുന്ന സജ്ജീകൃതമായ സാമഗ്രികളോടു ഒരു ക്ലുപ്തമാപനപ്രമാണം കൂട്ടുകയോ കുറക്കുകയോ ഏതാണ് വരമെന്നുകൂടി ഇത്തരുണത്തിൽ ഓക്കേണ്ടതാണ്. ഒരുത്തൻ മൂലധനത്തെ ആദായകരമായവിധത്തിൽ വ്യാപരിപ്പിക്കാമെന്നു കാണുന്നതായാൽ തന്റെ തൊഴിൽ വദ്ധനക്ക് വേണ്ടതായ കൂടുതൽ മൂലധനത്തെ ആജ്ജിക്കേണ്ടതു് അയാളുടെ ചുമതലയാണ്. ഇതിനെ നാം മൂലധനത്തിന്റെ ഫലപുഷ്ടിയെന്നോ മററൊ എങ്ങിനെ കണക്കാക്കിയാലും തെററില്ല.

മേൽ പറഞ്ഞതിന്റെ നേരെ എതിരായ രീതിയിൽ നമ്മുടെ ആലോചനയെ തിരിച്ചുവിടുന്നതായാൽ, അദ്ധ്വാനം കൂടാതെ മൂലധനം വദ്ധിക്കുന്നതല്ലെന്നു സിദ്ധമാകും. മൂലധനവും അദ്ധ്വാനവും തമ്മിലുള്ള അന്യോന്യാവസ്ഥയത്രെ ഇതിൽ ദ്യോതിക്കുന്നതു്. മൂലധനത്തിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ—അദ്ധ്വാനത്തെ പുതിയ പുതിയ ഉപകരണങ്ങൾകൊണ്ടു് അടിക്കടി പുഷ്ടിപ്പെടുത്തുന്നില്ലെങ്കിൽ—ഭാവിയിൽ അദ്ധ്വാനംകൊണ്ടുമാത്രം ഉൽപ്പാദകശക്തിയെ വദ്ധിപ്പിക്കാൻ തരമില്ലെന്നു സ്പഷ്ടമാണല്ലോ

മൂലധനം വദ്ധിക്കുന്നു എന്നു പറയുമ്പോൾ അതു എല്ലാ കാലത്തും സ്ഥലത്തും ഒരുപോലെയിരിക്കുമെന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ശരിയായ പരിസരമുണ്ടെങ്കിലേ വദ്ധനയുണ്ടാകയുള്ളു. അദ്ധ്വാനംകൊണ്ടു വദ്ധനയുണ്ടാകണമെങ്കിലും മേൽപറഞ്ഞ സംഗതികളെല്ലാം അനുകൂലമായിരുന്നാലെ ശരിയായ ഫലം ലഭിക്കുകയുള്ളു. ഉദാഹരണമായി കൃഷിയുടെ കാൎയ്യംതന്നെ എടുക്കാം. കൃഷിചെയ്യുന്നവൻ നല്ല നിലവും നല്ല പണിയായുധങ്ങളും വിത്തും ആവശ്യമാണല്ലോ. മൂലധനത്തിന്റെ ആവശ്യകത അവിടേയും ഉത്ഭവിക്കുന്നു. ഒന്നു മറെറാന്നിൽ നിന്നും ഭിന്നിച്ചുനിന്നാൽ ഫലം വിഫലമായാണല്ലോ തീരുക. അദ്ധ്വാനമെന്നതു മൂലധനവദ്ധനക്കുള്ള മൂലാധാരമായ പ്രാഥമികഹേതുവാണെന്നു പറയാം. മൂലധനമെന്നു പറയുന്നതോ, അദ്ധ്വാനം, മിതവ്യയം, പരിശ്രമം ഇവയുടെ ഒരു സങ്കരസ്വരൂപവും ആകുന്നു.

അദ്ധ്വാനത്തിന്റെ രിക്തതയിൽ പലിശയാണ് മുതലിനെ വദ്ധിപ്പിക്കുന്നതു്. മുതലുടമസ്ഥൻ തന്റെ പണം കൊടുത്തു അതു ഉപയോഗപ്പെടുത്തുന്നവനോടു പലിശ വാങ്ങുന്നു. ഈ പലിശ അധമൎണ്ണന്റെ അദ്ധ്വാനത്തിൽനിന്നും ഉത്ഭവിക്കുന്നതത്രെ. അദ്ധ്വാനംചെയ്യുന്നവന്റെ കൂലിക്കായി ഒരു തുകമാററിവെച്ചു്, കഴിച്ചു ബാക്കിയുള്ളതേ പലിശയിലേക്കു കണക്കാക്കാവൂ. അതിൽ കൂടുതൽ കൊടുപ്പാൻ അയാൾ നിർബ്ബന്ധിതനാവുന്നതോ ഉത്തമൎണ്ണർ അതിന്നു ആവശ്യപ്പെടുന്നതോ ശരിയല്ല. പലിശനിരക്കു കുറഞ്ഞിരിക്കുന്നതു് എപ്പോഴും രാഷ്ട്രക്ഷേമത്തിന്നു ഉപയുക്തമായെ ഭവിക്കയുള്ളു.

# ഝാൻസിയിലെ റാണി.

(തുടർച്ച)

———

പരിഭാഷകൻ: കിഴക്കില്ലം വാസുദേവൻ നമ്പൂതിരി.

(നതോന്നത)

കാലമങ്ങു മൂകമൂകം കടന്നു പൊയ്ക്കൊണ്ടിരിക്കെ
കാളമേഘങ്ങളാവാനിൽ ചുഴന്നുകാണായ്
കങ്കപത്രാങ്കിതശസ്ത്രം തൊട്ടുത്തു ശീലിച്ച കയ്യിൽ
കങ്കണങ്ങളേതുമട്ടിലഴകു ചേക്കും?
ആ വിധിതൻ നിർദ്ദയത്വം കഠിനമേ! ലക്ഷ്മീഭായി
ഹാ! വിധവയായിട്ടന്നു പരിണമിച്ചു.
മക്കളില്ലാതെ തൽപ്പതി പരലോകപഥികനായ്
ദുഃഖമെല്ലാമൊതുക്കിയാറാണിയും വാണാൾ.
ഞങ്ങളൊരു കഥ കേട്ടിട്ടുണ്ട്................
6 കെട്ടടങ്ങി ഝാൻസിയിലെദ്ദീപ, മാസ്റ്റൽ ഹൌസിധരാ
തൃഷ്ണനായ്, തരത്തിലാനാടപഹരിച്ചാൻ,
വൻപടയെയവിടേക്കു വിട്ടു, കോട്ടക്കു മുകളിൽ
തൻപതാകയുറപ്പിച്ചു പാറിച്ചു വാനിൽ.
മന്നവകുലം സന്താനശൂന്യമാകെ,യാംഗലേയ-
രന്നുമുതൽ ഝാൻസിക്കവകാശികളായി.
അസ്വതന്ത്രമായന്യന്നു കീഴമർന്ന തൻനാടിനെ-
യശ്രുപൂർണ്ണാക്ഷിയാൽ കണ്ടാളാമനസ്വിനി
ഞങ്ങളൊരു കഥ കേട്ടിട്ടുണ്ട്................
7 പ്രാർത്ഥനകളൊന്നും ചെവിക്കൊൾവതില്ല,ഭീകരമാ—
പ്പാർത്ഥിവന്മാരുടെ മായാജാലവിദ്യകൾ
കച്ചവടത്തിനായിവരാദ്യമിങ്ങുവന്നകാല—
മിച്ഛകാണിച്ചതിന്ത്യതന്നു കനിവിൽമാത്രം
കാലുനീട്ടിവെച്ചുവെച്ചു ഡൽഹൌസിവന്നുചേർന്നപ്പോൾ
കാര്യമെല്ലാമൊന്നുപാടേ തലതിരിഞ്ഞു.
നാട്ടുവാഴിവർഗ്ഗത്തിൻെറ പുരോഗതി തടഞ്ഞോരോ-
ചോടുവയ്പിന്നേശുമയാൾ ചവിട്ടിമാററി,
ദാസിമാരായ്ത്തീർന്നു മഹാറാണിമാരെന്നല്ലാവരും
ദാസിമാരൊക്കയും മഹാറാണിമാരുമായ്,
ഞങ്ങളൊരുകഥ കേട്ടിട്ടുണ്ട്................
8 ദേഹലിതൻ രാജധാനി കടന്നു, കൈവശമാക്കി-
യാഹരിക്കപ്പെട്ടു ലക്നോവരഞ്ഞൊടിയിൽ,

സമ്പ്രഹാരമേററ നാഗപുരിക്കു, വിത്തലപൂരിൽ
സംഭവിച്ചു പേഷ്വമാക്കു കാരാധിവാസം,
സിന്ധുവിന്നും, പഞ്ചാബിനും, ബ്രഹ്മദേശത്തിനുംമീതെ
വൻതരത്തിൽ വജ്രായുധനിപാതമുണ്ടായ്,
പിന്നെയെങ്ങുദയപുരം തഞ്ചാപുരം സതാരയാ-
ക്കണ്ണാടകമിവക്കാത്മശക്തിശേഷിപ്പൂ?
വംഗദേശത്തിനും മാദ്രപുരിക്കുമീവിധംതന്നെ
വന്നുചേർന്നു പരിണാമമെന്നേ ചൊല്ലേണ്ടു.
ഞങ്ങളൊരുകഥ കേട്ടിട്ടുണ്ട്................
9 തന്നരമനയിൽ വാണു കരഞ്ഞു കണ്ണുനീർതൂകി-
യന്നനാഥകളായ്ത്തീർന്ന രാജ്ഞിമാരെല്ലാം,
വില്ക്കപ്പെട്ടുകൊണ്ടിരുന്നിതവർതൻവസ്ത്രഭൂഷകൾ
കല്ക്കത്താപ്പട്ടണത്തിലെക്കമ്പോളങ്ങളിൽ,
വെള്ളക്കാർതൻവർത്തമാനപ്പത്രങ്ങളിലിവലേല-
മുള്ളതായിപ്പരസ്യങ്ങൾമുദ്രണംചെയ്തു,
'മേടിപ്പിൻ! നാഗപുരത്തെരത്നമാല്യം, ലക്നോവിലെ-
ക്കോടിപ്പവൻ വിലയുള്ള ഹാരം വാങ്ങുവിൻ!'
ഇക്കണക്കിന്നന്തഃപുര ബഹുമാനമാകമാനം
വില്ക്കുകയായ് പരദേശിപ്പരിഷകയ്യാൽ,
ഞങ്ങളൊരുകഥ കേട്ടിട്ടുണ്ട്................
10 മണ്ണുമാടങ്ങൾക്കുവാച്ചു തീവ്രമനോവേദനയും,
വിണ്ണുരുമ്മും മാളികകൾക്കപമാനവും,
അങ്കുരിച്ചുയർന്നുയോധവീരരുടെ ഹൃദയത്തിൽ
തൻകുലപൂർവ്വരെയോർത്തു മഹാഭിമാനം,
സംഭരിച്ചുകൊണ്ടിരുന്നു 'നാനാധുന്ധുപന്തു'താനും
സമ്പ്രഹാരോചിതങ്ങളാം സാധനങ്ങളെ,
അക്ഷതൌജസ്സായ ലക്ഷ്മീറാണിയാൾനേക്കുവിളിച്ചാൾ
തൽക്ഷണമുഗ്രായോധന ചണ്ഡികതന്നെ,
യജ്ഞമേവമാരബ്ധമായവക്കു വൈതാനവഹ്നി-
യുജ്ജ്വലിപ്പിക്കുകയെന്നേ വേണ്ടതായൊള്ളൂ.
ഞങ്ങളൊരുകഥ കേട്ടിട്ടുണ്ട്............
11 രാജവേശ്മങ്ങളാൽ വിക്രാണിതനാം പാചകദേവൻ
ഹാ! ജവന കടികളാൽ വളർത്തപ്പെട്ടു.
ഉൾക്കളത്തിന്നടിയിൽനിന്നുൽഗമിച്ചു വന്നതാണി-
യുൽക്കടസ്വാതന്ത്ര്യാനലസ്ഫുലിംഗപുഞ്ജം,

(തുടരും)

# മുസ്തഫാ കമാൽപാഷാ.

## ആധുനികടൎക്കിയുടെ ജനയിതാവ്.

(ചാക്കോ വേഴപ്പറമ്പിൽ)

1881-ൽ സിലോനികയിലാണ് മുസ്തഫാ ജനിച്ചത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ നിൎദ്ധനരെങ്കിലും സ്വരാജ്യസ്നേഹികളും വ്യവസായശാലികളുമായിരുന്നു. തങ്ങളുടെ മകൻ ഭാവിയിൽ വിശ്വവിശ്രുതനായ ഒരു മഹാനായ് ഭവിക്കുമെന്ന് അവർ സ്വപ്നേപി കരുതിയിരിക്കയില്ല. മുസ്തഫാ ഒരു പിഞ്ചുപൈതലായിരിക്കുമ്പോൾതന്നെ അയാളുടെ പിതാവു മൃതിയടഞ്ഞു; തന്മൂലം ബാല്യകാലത്തിലെ വിദ്യാഭ്യാസം അദ്ദേഹത്തിനു കുറച്ചുകാലം നഷ്ടപ്പെട്ടു. പക്ഷെ ഭാഗ്യവശാൽ ആ നിലയ്ക്കൊരു നിശ്ശേഷപരിണാമം സംഭവിച്ചു—മുസ്തഫാ വിദ്യാലയത്തിലേയ്ക്കയക്കപ്പെട്ടു. അവിടെ സാമാന്യവിദ്യാഭ്യാസം സമ്പാദിച്ചശേഷം അദ്ദേഹം ശ്രമിച്ചത് സൈനികകലാശാലയിൽ ചേരുവാനായിരുന്നു. കുറെയേറെ പണിപ്പെട്ടാണെങ്കിലും അതും ഒരുവിധം നിൎവ്വഹിപ്പാനദ്ദേഹത്തിനു കഴിഞ്ഞു. തികച്ചും ഒരു ബലിഷ്ഠകായനായിരുന്ന മുസ്തഫാക്ക് സൈനിക കലാശാലയിൽ അഭികാമ്യവും അസൂയാൎഹവുമായൊരു പദവി സമ്പാദിക്കുവാൻ അധികം ആയാസപ്പെടേണ്ടി വന്നില്ല. അന്നുമുതൽക്കാണ് 'കെമാൽ' മുസ്തഫാ കമാൽപാഷ, എന്ന അഭിനവാഭിധാനത്താൽ സുവിദിതനായ് ഭവിച്ചത്.

അന്നത്തെ ടൎക്കി തുലോം പരിതാപകരമായൊരു നിലയിലായിരുന്നു പുലൎന്നുപോന്നിരുന്നത്. ദാരിദ്ര്യവും രാജ്യഭരണനയത്തിൽ ആമൂലാഗ്രം നടമാടിയിരുന്ന അഴിമതികളും ടൎക്കിയിലെ ബഹുജനങ്ങളെ നരകയാതനകൾകൊണ്ടഭിഷേചിക്കുവാൻ പോരുന്നവയായിരുന്നു. ടൎക്കിയുടെ അധികാരപരിധിയിലമൎന്നിരുന്ന "ഓട്ടോമൻ" സാമ്രാജ്യത്തിലെ ചില സംസ്ഥാനങ്ങൾ മററു യൂറോപ്യൻശക്തികൾ വിഴുങ്ങുവാൻ അവസരം പാൎക്കുന്നുണ്ടായിരുന്നു; മററു ചില സംസ്ഥാനങ്ങളാകട്ടെ സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്യാൻ പോലും ധൈൎയ്യപ്പെട്ടു! ഇപ്പതനത്തിലാണ് 1912-ലെ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. കമാൽപാഷക്ക് ഇതൊരു സുവൎണ്ണാവസരമായിരുന്നു; അതദ്ദേഹം തികച്ചും വിനിയോഗിക്കുക തന്നെ ചെയ്തു! കമാൽ പാഷായെ ടൎക്കി ഗവൎമ്മേണ്ട് ഒരു സേനാനായകനാക്കി—പക്ഷെ അല്പകാലത്തിനുള്ളിൽ യുദ്ധം പൎയ്യവസാനിക്കുകയും തന്മൂലം അദ്ദേഹത്തിന്റെ 'സേനാനായകത്വം' ഇല്ലാതാവുകയും ചെയ്തു. അന്നു മുതല്ക്ക് അദ്ദേഹം രാഷ്ട്രീയരംഗത്തിലേയ്ക്ക് പ്രവേശിച്ച് സജീവമായ് പ്രവൎത്തിക്കുവാനും ടൎക്കിയിലെ നിലവിലുള്ള ഭരണകൂടത്തെ അവജ്ഞയോടും അമൎഷത്തോടുംകൂടി വീക്ഷിച്ചിരുന്ന 'യുവജന'ങ്ങളുമായ് ഹൃദയപൂൎവ്വം സഹകരിക്കുവാനും തുടങ്ങി.

1914-ലെ ലോകമഹായുദ്ധം തുടങ്ങിയപ്പോൾ കമാൽപാഷായെപോലുള്ള വിശിഷ്ടനായൊരു വ്യക്തിയുടെ മഹാസേവനങ്ങൾ ടൎക്കി ഗവണ്മെണ്ടിന് (പുരുഷപരമായി അദ്ദേഹത്തോടവൎക്ക് വിദ്വേഷമായിരുന്നു) അനുപേക്ഷ്യമായ് ഭവിച്ചു. തന്മൂലം 'മനസ്സില്ലാ മനമോട്ടു'കൂടിയാണെങ്കിലും കമാൽപാഷക്ക് സൈനികമായ് പ്രാമുഖ്യവും ഉത്തരവാദിത്വവുമേറിയ ഉൽകൃഷ്ടസ്ഥാനങ്ങൾ നൽകുവാൻ ടൎക്കിയിലെ

ഭരണാധികാരികൾ നിർബ്ബന്ധിതരായ്.

യുദ്ധശേഷം ഏതുരാജ്യത്തും അവാച്യമായൊരു പ്രസരിപ്പും ബഹളവും അശാന്തിയും അനുഭവപ്പെടുക സർവ്വസാധാരണമാണ്. തുർക്കിയും ഇതിൽ നിന്നന്യമല്ലായിരുന്നു. ജനങ്ങൾ സർവ്വോത്തരമായ് കാംക്ഷിച്ചിരുന്നതു് തങ്ങളുടെ ജീവിതത്തിൽ ശാന്തിയും സാന്ത്വനവും കൈവരുവാനായിരുന്നു—അതിനവർ എന്തു് വില നൽകുവാനും സന്നദ്ധരുമായിരുന്നു എന്നാൽ കമാൽ പാഷയുടെ അഭിപ്രായഗതി ഇക്കാര്യത്തിൽ അത്യന്തം വിഭിന്നമായിരുന്നു. തുർക്കി യുദ്ധത്തിൽ പരാജിതയെന്നു് സമ്മതിച്ചുകൊടുപ്പാൻപോലും അദ്ദേഹം തയ്യാറില്ലായിരുന്നു. യുദ്ധശേഷം സൈന്യത്തെ ഒരു വിജനപ്രദേശത്തു് വെച്ചു് പിരിച്ചുവിടുവാൻ ഗവണ്മെണ്ടു് പാഷയെ നിയോഗിച്ചയച്ചപ്പോൾ അദ്ദേഹം ചെയ്തതു് അതിനു നേരെ വിപരീതമായിരുന്നു. രാജ്യത്തിന്റെ നിലനില്പിനേയും മേന്മയേയും സുരക്ഷിതമാക്കുവാൻ ജനങ്ങൾ സംഘടിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയേയും അത്യന്താപേക്ഷിതയേയും പററി അദ്ദേഹം അവരെ ഹൃദയസ്പൃക്കായ് പ്രബോധിപ്പിക്കുകയും യാവച്ഛക്യം നിസ്വാർത്ഥമായ് രാഷ്ട്രത്തെ സേവിക്കുന്നതിനു സജ്ജരാകുവാൻ സമാഹ്വാനം ചെയ്യുകയുംചെയ്തു.

തദനന്തരം പാഷയുടെ ജനസമ്മതിയും തജ്ജന്യമായ സ്വാധീനശക്തിയും തുർക്കിയിൽ മേൽക്കുമേൽ വ്യാപിക്കുവാൻ തുടങ്ങി. അങ്കോറയിൽ അദ്ദേഹം തന്റെ അദ്ധ്യക്ഷതയിൻകീഴിൽ വമ്പിച്ചൊരു ‘നാഷണൽ കോൺഗ്രസ്സ്’’ സ്ഥാപിക്കുകയും പ്രസ്തുത സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ പാഷാ കോൺസ്റ്റാണ്ടിനോപ്പിൾ ഭരണകൂടവുമായ് നടത്തിയ സുദീർഘസമരത്തിന്റെ ഫലമായ് തുർക്കിക്കാർക്കു് നിരവധി അവകാശാധികാരങ്ങൾ സ്വായത്തമാക്കുവാൻ കഴിയുകയും ചെയ്തു. അദ്ദേഹത്തിന്റെ മുദ്രാവാക്യം “തുർക്കി, തുർക്കിയിലെ ജനങ്ങൾക്കു്” എന്നായിരുന്നു. മഹനീയമായ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അദ്ദേഹത്തിനു വികടങ്ങളായ നിരവധി ഘട്ടങ്ങളെ തരണം ചെയ്യേണ്ടിയിരുന്നു; പ്രക്ഷോഭണങ്ങൾ, ലഹളകൾ യാഥാസ്ഥികന്മാരുമായി നിരവധി സംഘട്ടനങ്ങൾ—ഇത്യാദി ഏടാകൂടങ്ങൾ പലതും. കോൺസ്റ്റാണ്ടിനോപ്പിൾ സുൽത്താനും പാഷയും തമ്മിൽ ഒത്തുതീർപ്പിലെത്തുകയും ചരിത്രപ്രഖ്യാതമായ (ലോസാനി) സന്ധിയിൽ പാഷാ ഒപ്പ് വെക്കുകയും ചെയ്തു. അതുവഴി പാഷയുടെ അഭിലാഷങ്ങളെല്ലാം വാസ്തവീകരിക്കപ്പെട്ടു—ചിരകാലമായി തുർക്കിയുടെ ഗളനാളത്തെ ഞെക്കി ഞെരുക്കിയിരുന്ന സാമ്രാജ്യത്വത്തിന്റെ ദാരുണമായ ക്രൂരഹസ്തങ്ങളിൽനിന്നും അവർ വിമോചിക്കപ്പെട്ടു! പാഷയുടെ ജീവിതോദ്ദേശം തുർക്കിയെ സേവിക്കലായിരുന്നു—പ്രസ്തുതോദ്ദേശത്തിന്റെ ബലിപീഠത്തിൽ സർവ്വവിധ സ്വാർത്ഥങ്ങളേയും അദ്ദേഹം ബലികഴിച്ചു.

സാമാന്യജനങ്ങൾ പാഷയെ തങ്ങളുടെ സ്വാതന്ത്ര്യദാതാവായി കരുതി കൊണ്ടാടി. എന്നാൽ പാഷയുടെ അഭ്യുദയത്തിൽ ‘കണ്ണുകടി’’യുണ്ടായിരുന്നവരും ചുരുക്കമല്ലായിരുന്നു; പക്ഷേ കമാൽപാഷയുടെ ഹിമാലയൻ വ്യക്തിപ്രഭാവം ഉണ്ടോ അസൂയാലുക്കളായ ഏതാനും ക്ഷുദ്രജീവികളുടെ കൊഞ്ഞനംകാട്ടലിൽ വിക്ഷതപ്പെട്ടുപോകുന്നു? അദ്ദേഹത്തിന്റെ കീർത്തിധാവള്യം തുർക്കിയുടെ പരിമിതപരിധിയേയും അതിലംഘിച്ചു് ലോകമാകെ വഴിഞ്ഞൊഴുകി.

അന്നത്തെ ടൎക്കി കാലത്തിന്നനുയോജ്യമല്ലാത്ത സംസ്കാരത്തേയും ആചാരങ്ങളേയും പുലൎത്തിപ്പോന്നിരുന്ന ഒരു രാജ്യമായിരുന്നു. തന്മൂലം മററു നാഗരീകതയുള്ള രാഷ്ട്രങ്ങളോടൊപ്പം ടൎക്കിയെ ഉയൎത്തുവാൻ കമാൽപാഷ നിശ്ചയിച്ചു. ഈ ഘട്ടത്തിലും പരിവൎത്തനഭീരുക്കളായ പലരിൽനിന്നു നിരവധി എതിൎപ്പുകളും വിഷമതകളും അദ്ദേഹത്തിന്നനുഭവിക്കേണ്ടിവന്നു.

ആദ്യമായി പാഷ തുനിഞ്ഞതു് വസ്ത്രധാരണത്തിൽ മാററം വരുത്തുവാനായിരുന്നു. പരമ്പരാഗതമായ അങ്കികളും മററും തിരസ്കരിച്ചു് കോട്ടും ഹേററും മററും സ്വീകരിക്കുവാനാണു് അദ്ദേഹം നിൎദ്ദേശിച്ചതു്. ഈ പുതുനിൎദ്ദേശം പെട്ടെന്നു് ടൎക്കിയിൽ അനല്പമായ അസ്വാസ്ഥ്യത്തിന്നു് ഹേതുഭൂതമായെങ്കിലും ക്രമേണ ജനങ്ങൾ കമാലിന്റെ ഉദ്ദേശത്തോടു് അനുകൂലിച്ചു.

അന്നു് ടൎക്കിയിൽ നിലവിലുണ്ടായിരുന്ന നിയമങ്ങൾ അദ്ദേഹത്തിന്നു് നിരൎത്ഥകങ്ങളായ് തോന്നുകയും അവയെ ഉച്ചാടനം ചെയ്തു് തൽസ്ഥാനത്ത് മററു നിയമാവലികൾ പ്രതിഷ്ഠാപിക്കുകയും ചെയ്തു. കൂടാതെ ഏതൽ പൎയ്യന്തം അടുക്കളയിൽമാത്രം വിഹരിച്ചിരുന്ന സ്ത്രീകളെ അദ്ദേഹം പൊതുസേവനത്തിന്നു് സജ്ജരാകുവാൻ പ്രേരിപ്പിക്കുകയും തൽഫലമായി നിരവധി സ്ത്രീകൾ രാഷ്ട്രീയരംഗത്ത് ആവിൎഭവിക്കുകയും ചെയ്തു.

അന്ധവിശ്വാസങ്ങളുടേയും ദുരാചാരങ്ങളുടേയും തുറുങ്കിൽനിന്നു് ജനങ്ങളെ മോചിപ്പിക്കുവാൻ ഏററവും നല്ല എളുപ്പവഴി വിദ്യാപ്രചരണമാണല്ലോ. ഈ തത്വം നല്ലപോലെ ധരിച്ചിരുന്ന കമാൽ പാഷ രാജ്യത്തിന്റെ നാനാ ഭാഗത്തും നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ആധുനികരീത്യാ അവയിലെല്ലാം വിദ്യാഭ്യാസത്തിനുള്ള സൌകൎയ്യമുണ്ടാക്കുകയും ചെയ്തു. മഹത്തായ ആദൎശങ്ങളേയും ആശയങ്ങളേയും ഗ്രഹിക്കുന്ന ഒരു പുതിയ മാനവസമുദായത്തെ ടൎക്കിയിൽ സൃഷ്ടിക്കലായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. പ്രസ്തുത സംരംഭത്തിൽ പാഷാ തികച്ചും വിജയശ്രീലാളിതനായിട്ടുണ്ടെന്നുവേണം പറയുവാൻ.

കമാൽ പാഷയുടെ ജൈത്രയാത്രയായിരുന്ന രാഷ്ട്രീയ ജീവിതത്തിൽ അദ്ദേഹത്തിന്നു പിണഞ്ഞ ഏക പരാജയം പാൎലിമെണ്ടറി ഭരണം നടപ്പിൽ വരുത്തുവാനുള്ള ഉദ്യമത്തിൽ മാത്രമായിരുന്നു. ഇതിന്നു് മുഖ്യഹേതു കാലത്തിന്റെ അപക്വാവസ്ഥയായിരുന്നു; അല്ലെങ്കിൽ അതിലും അദ്ദേഹം വിജയാശ്ലിഷ്ടനാകുമായിരുന്നു.

കമാൽപാഷ ഒരിടത്തു് ഇങ്ങനെ പ്രസ്താവിക്കുന്നു "ടൎക്കിയിലെ ഓരോ വ്യക്തിയേയും സ്വയം പൎയ്യാപ്തരാക്കി തീൎക്കലാണു് എന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യത്തെ പ്രാപിക്കുവാൻ സൎവ്വരേയും പ്രചോദിപ്പിക്കയും ഉത്തേജിപ്പിക്കയും ചെയ്യലാണു് എന്റെ ജീവിതത്തിന്റെ പരമമായ ആദൎശം."

ഏററവും എളിയനിലയിൽനിന്നു് അനവരതവും ക്ലേശാവഹവും ആയ ചിരപരിശ്രമത്താൽ ഉൽകൃഷ്ടമായ ഒരു നില സ്വായത്തമാക്കിയ കമാൽ പാഷയുടെ ജീവിതം ലോകത്തിന്നു എന്നെന്നും ഒരു ഉത്തമമാതൃകയായി പരിലസിക്കുന്നതാണു്.

(ഇംഗ്ലീഷിൽനിന്നു്)

---

## സ്വാതന്ത്ര്യകാഹളം

(ഐ. ഭാഗീരഥി, F V., V. G H, S., തൃശ്ശിവപേരൂർ)

ഉണരുവിൻ നാട്ടുകാരെ, ഒരുങ്ങുവിൻ യുവാക്കളെ,
ഉണൎന്നോരു നിങ്ങളൊന്നു ചിന്തനം ചെയ്യുവിൻ!
കൃതാൎത്ഥരായ് നമ്മൾ കൃഷിചെയ്തുണ്ടാക്കും ധാന്യമെല്ലാം
ക്രൂരജന്മി പത്തായങ്ങൾ നിറച്ചിടുന്നു.
പാവങ്ങളാം നമ്മൾ പണിപ്പെട്ടുണ്ടാക്കും പണം മുത–
ലാളിവൎഗ്ഗം പണപ്പെട്ടി നിറച്ചിടുന്നു.

MUL
135129
A 136

പണം നാട്ടിലില്ലാഞ്ഞിട്ടോ, പണി നമ്മൾ ചെയ്യാഞ്ഞിട്ടോ
പട്ടിണിയായ് നമ്മൾ നിത്യം കഴിവതോർത്താൽ?
പാവങ്ങൾ നാം പണിചെയ്തു പട്ടിണിയിൽ പുലരുന്നു,
ജന്മിമുതലാളിവർഗ്ഗം സുഖിച്ചീടുന്നു.
സോദരീ സോദരന്മാരേ, നമുക്കൊത്തീയടിമത്വ
ച്ചങ്ങലതൻ കണ്ണികളോരോന്നറുക്കവേഗം.
സ്വാതന്ത്ര്യത്തിൻ പൊൽപ്രഭാതമണയാറായ്, പൂർവ്വികിൻ
ഭാഗധേയം:—നമുക്കതൊരാശ്വാസകേന്ദ്രം!
നാമൊരുമിച്ചിറങ്ങിയാലക്രമങ്ങൾ കെട്ടടങ്ങും
നാമൊരുമിച്ചുടർ ചെയ്താലനീതി നീങ്ങും.
ഉണരുവിൻ നാട്ടുകാരേ, ഒരുങ്ങുവിൻ യുവാക്കളെ,
ഉണർന്നേററു നിങ്ങളൊന്നു ചിന്തനം ചെയ്വിൻ!!

## അച്ഛനും മകളും

(തിരുത്തിക്കാട്ട് പ്രഭാകരൻനായർ)

മകൾ:—
കഷ്ടമെനിക്കിന്നീ ദുർദ്ദശയേകുന്നൊരു—
ദുഷ്ടതയെന്തു ഞാൻ ചെയ്തതാവോ?
അത്യസൂയാലുക്കൾ പണ്ഡിതമന്യന്മാർ
സത്യതയററവരെല്ലാം കൂടി
പാവകളിപ്പിപ്പൂ ദൈവത്തെയോർക്കാതെ
പാവമാമെന്നെയിപ്പാരിടത്തിൽ
ഞാനഭിമാനിക്കാറില്ലൊരു കാലത്തു—
മാനന്ദ രൂപമെനിക്കുണ്ടെന്നായ്
പണ്ഡിതമണ്ഡലമെങ്കിലും കൊണ്ടാടി—
ക്കണ്ടിട്ടുണ്ടെൻ രൂപമാവിധത്തിൽ.
വിശ്വൈകസൗന്ദര്യസദനത്തിൽ വാഴുന്ന
ശാശ്വതാനന്ദസ്വരൂപിണിയായ്
വാണൊരാരൂപവും നഗ്നമിക്കോലവും
കാണുവോർക്കന്തരമെന്തുമാത്രം?
ദുർഗ്ഗതരൂപിണിയാക്കിയെന്നിക്കൊരു
മാർഗ്ഗവുമില്ലാത്ത മട്ടിലാക്കി,
പിച്ചക്കാരൊത്തുച്ചവെലത്തുചുററിച്ചു
കൊച്ചുകുടിൽകളിൽ പാർപ്പിക്കുന്നു.
അർത്ഥമില്ലാത്തവളാകേണമത്രേ ഞാൻ
വ്യർത്ഥമാണത്രേ ഗുണങ്ങളെല്ലാം
സുന്ദരമാം പദം വെച്ചു സ്വച്ഛന്ദമായ്
മന്ദമെനിക്കു നടന്നുകൂടാ.
വർണ്ണമിണങ്ങിയോരെന്നിലിന്നെത്രപേർ
കണ്ണുകടിക്കുന്നു കഷ്ടം കഷ്ടം!
പാടില്ലെനിക്കലങ്കാരമണിയുവാൻ
കൂടിയുമെന്നല്ലോ ചൊല്ലീടുന്നു.
എന്തൊരു കഷ്ടം ഹാ നല്ലോർനടത്തത്തി—
ലെന്തിനസൂയപ്പെടുന്നു മൂഢർ.
നാണം മറക്കാത്ത നഗ്നയാക്കി വെറും—
നാണയക്കൂട്ടിനു വിററു തിന്നു.
ജീവിക്കുന്നോർക്കു ഗതിവരില്ലിസ്സാദ്ധ്യ—
ജീവി ഞാൻ ചൊന്നവാക്കല്ലുമെങ്കിൽ

അച്ഛൻ:—
ഓമനേ, നിന്നഴൽ കാണുമ്പോൾ സത്യമെ
ന്നീമനം വല്ലാതെ വെന്തിടുന്നു,
അച്ഛനു മക്കൾതൻ മേന്മയിലല്ലാതെ—
യിച്ഛയുണ്ടാമോ വിപത്തണയാൻ
കാഞ്ചികടകാദ്യലങ്കാരം ചാർത്തി നീ
യഞ്ചിതഗാത്രിയായെല്ലാപ്പോഴും
സൗവർണ്ണമൂർത്തിയായേററം സന്തുഷ്ടയായ്
സൽഗുണയുക്തയായെല്ലാടവും
സുന്ദരസൽപദവിന്യാസ വായ്പിനാൽ
മന്ദഗമനയായ് കാണുവാനായ്
ഞാനാശിക്കുന്നു, പിതാക്കൾക്കതിൽ വെറു
മാനന്ദാഭിമാനമല്ലേ ചൊല്ലൂ
പക്ഷേ, യതിന്നിപ്പോൾ മാർഗ്ഗം കുറഞ്ഞൊരു
പക്ഷക്കാർ മിക്കപിതാക്കന്മാരും
സംസ്കാരശാലിനിമാരാക്കി സൗവർണ്ണ-
സൽഗുണാലങ്കാരയുക്തരാക്കി
അർത്ഥസംപുഷ്ടകളാക്കിച്ചമക്കുവാൻ
വ്യർത്ഥമനോരഥരർത്ഥഹീനർ
എന്തു ചെയ്യേണമെന്നാരുമറിയാതെ
സന്താനവാത്സല്യൈകസക്തരായി.
എത്ര നിരർത്ഥസഹോദരിമാരെ നിൻ
ഗോത്രത്തിലിക്കൂട്ടർ തീർത്തിടുന്നു.
വമ്പിച്ച ദുർഗ്ഗതക്കൂടായ് ചമഞ്ഞല്ലോ?
സമ്പന്നമാകേണ്ട നിൻെറ വംശം
അച്ഛനിതിലെന്തു ചെയ്തീടാം വത്സേ! നീ
യച്ഛമനസ്സാലൊന്നാലോചിക്ക.

135129
52032:N36
H51
UNIVERSITY LIBRARY